3

# വീടിനെ സ്വർഗം സഹായിക്കുന്നു
## (1 രാജാക്കന്മാർ 17:8-16)

ബൈബിളിൽ പലപ്പോഴും തീച്ചുളയിൽ കൂടെ കടന്നുപോകുന്ന ഒരു ചിത്രീകരണം നൽകുന്നുണ്ട്. ഒരു നിമിഷത്തേക്ക് കത്തിയുരുകുന്ന തീച്ചുളയുടെ വെളുത്ത ചൂടിനെ ഒന്നൂഹിക്കുക ലോഹം ഉരുകി പിണ്ഡം പതഞ്ഞു പൊങ്ങി മുകളിൽ അടിയുന്നു. ലോഹ ദ്രാവകം എണ്ണയിലോ മന്നോ മുക്കി എടുക്കുന്ന പ്രക്രിയയുണ്ട്. ലോഹം തീച്ചൂളയിലിട്ട് പഴുപ്പിച്ച് ലായനിയിൽ മുക്കുമ്പോൾ, അതു വേദനകൊണ്ട് ചീന്നുന്നു. ആ ശുദ്ധീകരണ പ്രക്രിയക്കുശേഷം ലോഹം കൂടുതൽ ശോഭയുള്ളതും, ഈടുനതും, വിലയുള്ളതും, ഉപകാരപ്രദവുമായി തീരുന്നു. ആ രീതിയിലെത്തിച്ചേരുവാൻ, എങ്ങനെയായാലും, ലോഹത്തെ തീച്ചുളയിൽ കൂടെ കടത്തി വിടണം.

തീച്ചൂളയിൽ കൂടെ കടന്നുപോകുന്നതായി ഇന്ന് എന്തെങ്കിലും വിവരിക്കുവാനുണ്ടെങ്കിൽ അതാണ് വീട്. വീട് എങ്ങനെ ആയിരിക്കണമെന്ന് ബൈബിൾ പറയുന്നു: അത് ജീവിതത്തിനു വേണ്ടിയുള്ള ഒരു വിവാഹത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ് (മത്തായി 19:3-9); അത് സ്നേഹത്തിന്റേയും പരസ്പര പ്രോൽസാഹനത്തിന്റേയും സ്ഥലമാണ് (എഫെസ്യർ 5:22-33; 6:1-4). എങ്ങനെയായാലും, ഇന്ന് വീടിനെ നശിപ്പിക്കുന്ന പല സമ്മർദ്ദങ്ങളും സമൂഹത്തിൽ നിർണ്ണയിക്കപ്പെടുന്നുണ്ട്. വീട്ടിൽ വിവാഹവിശുദ്ധിയിലും കുടുംബബന്ധത്തിലും വളരെ കുറച്ചു ബഹുമാനമേ ഇന്നു കാണപ്പെടുന്നുള്ളു. വിവാഹമോചനവും ''സ്വാതന്ത്ര്യവും'' എത്ര മനോഹരമാണെന്ന ചിന്ത ഇന്നു ജോലിസ്ഥാപനങ്ങളിൽ വിനുകൊണ്ടിരിക്കയാണ്. വാസ്തവത്തിൽ കാര്യമുള്ളതിനെ ഗണ്യമാക്കാതെ ലൗകികമായ വസ്തുക്കൾക്ക് ഊന്നൽ കൊടുക്കുന്നു, വിവാഹത്തെയും കുടുംബത്തെയും ആളുകൾ ലൗകികമായ അവസ്ഥയിൽ കാണുന്നു. ഫലമോ കുടുംബം അസന്തുഷ്ടമാകയും, ഛിന്നഭിന്നമാകയും, വേർപിരിയുകയും ചെയ്യും.

അനേകം ഭവനങ്ങൾ ഇന്നു തീച്ചുളയിൽ കൂടെ കടന്നുപോകുന്നു എന്നത് നമ്മെ വേദനിപ്പിക്കുകയാണ്. എന്നാൽ തീച്ചുളയെ അതിജീവിക്കുന്ന ഭവനങ്ങൾ ശക്തവും, ശ്രേഷ്ഠവും, കൂടുതൽ മൂല്യമുള്ളതുമാകും എന്നതു നല്ല വിശേഷമാണ്.

സാരെഫാത്ത് എന്നതിന്റെ അർത്ഥം, ''ചൂള'' അല്ലെങ്കിൽ ''ഉല'' എന്നാണ്, ദൈവനിർദ്ദേശപ്രകാരം ഏലിയാവ് താമസിച്ച സ്ഥലമായിരുന്നു അത്. ആ ടൗണിൽ ലോഹം ഉരുക്കുന്ന ഒരു കമ്പനി ഉണ്ടായിരുന്നതുകൊണ്ടാകാം അതിനെ ആ പേരിൽ അറിയപ്പെട്ടത്. സാരെഫാത്ത് ഏലിയാവിന് ഒരു തീച്ചുളയായിരുന്നു. രണ്ടോ അതിലധികമോ വർഷം പ്രവർത്തനരഹിതമായി അവിടെ ഒളിച്ചു താമസിക്കേണ്ടതുകൊണ്ട്, ഏലിയാവിന് അത് ഒരു പരീക്ഷണസ്ഥലം തന്നെയായിരുന്നു. പ്രത്യേകിച്ച് ഏലിയാവിന് താമസിക്കേണ്ടി വന്ന ഒരു ചെറിയ വീട് (1 രാജാക്കന്മാർ 17:8-34).

നമുക്ക് ആ വീടിനെ ഒന്നു പരിശോധിക്കാം, പ്രതിസന്ധിയിലായിരുന്ന

ആഭവനത്തെ ദൈവം സഹായിച്ചതെങ്ങനെ എന്നു നോക്കാം.

**സ്വർഗത്തിന്റെ കരുതൽ**

കെരീത്തു തോട് വറ്റിയശേഷം ഏലിയാവ് എന്താണ് ചെയ്തത്?

> അപ്പോൾ അവന്നു [ഏലിയാവിന്നു] യഹോവയുടെ അരുളപ്പാടുണ്ടായതെന്തെന്നാൽ, ''നീ എഴുന്നേറ്റു സീദോനോട് ചേർന്ന സാരെഫാത്തിലേക്ക് ചെന്നു അവിടെ പാർക്ക. നിന്നെ പുലർത്തേണ്ടതിന്ന് അവിടെയുള്ള ഒരു വിധവയോട് ഞാൻ കൽപിച്ചിരിക്കുന്നു.'' (1 രാജാക്കന്മാർ 17:8, 9).

വേദഭാഗം പറയുന്നു, ''നിന്നെ പുലർത്തേണ്ടതിന് അവിടെയുള്ള ഒരു വിധവയോട് ഞാൻ *കൽപിച്ചിരിക്കുന്നു.*'' സാധാരണ അതിനർത്ഥം ഏലിയാവ് ചെല്ലുമ്പോഴേക്ക് എല്ലാം തയ്യാറായിരിക്കും എന്നാണ്, പക്ഷെ അങ്ങനെ ആയിരുന്നില്ല. ഒരുപക്ഷെ അർത്ഥമാക്കുന്നത് നിസാരമായി ''ഞാൻ ഒരു വിധവയെ തിരഞ്ഞെടുക്കു*കയും*, നീ മുഖേന അവളോട് കൽപിക്കുകയും ചെയ്യും എന്നാണ്'' (പ്രവചന ഭൂതകാലമാണ് ഉപയോഗിച്ചിരിക്കുന്നത്).

കെജെവിയിൽ ''നിന്നെ പോറ്റേണ്ടതിന് ഞാൻ *വിധവയായ ഒരു സ്ത്രീയോട്* കൽപിച്ചിരിക്കുന്നു'' എന്നാണ്. അതുകൊണ്ടാണ് മൂലഎബ്രായ ഭാഷയിൽ, ''വിധവസ്ത്രീ'' എന്നു വായിക്കുന്നത്. ഇംഗ്ലീഷിൽ ആവശ്യത്തിലധികമായിട്ടാണ് വരുന്നത്, പക്ഷെ പുരാതനഭാഷയിൽ അല്ലതാനും. അത് ആവളുടെ മെരുങ്ങാവുന്ന അവസ്ഥയെ കാണിക്കുന്നു. അവൾ ഒരു സ്ത്രീ ആയിരുന്നതു കൂടാതെ അവൾക്ക് അപ്പം *സമ്പാദിക്കുന്നവനില്ലായിരുന്നു.*

വാക്യം 10 ഏലിയാവിന്റെ പ്രതികരണം പറയുന്നു: ''ആകയാൽ അവൻ എഴുന്നേറ്റു സാരെഫാത്തിലേക്ക് പോയി.'' ശത്രുക്കളുടെ പ്രദേശത്ത് ബാലിസത്തിൽകൂടെ ഏലിയാവിന് എഴുപത്തി–അഞ്ചുമുതൽ നൂറു മൈൽ വരെ നടക്കേണ്ടിയിരുന്നു, അവിടെ എല്ലാവരും അവനെ വേട്ടയാടിക്കൊണ്ടിരിക്കയായിരുന്നു. സോരിനും സീദോനും ഇടക്കുള്ള കടൽത്തീരത്തായിരുന്നു സാരെഫാത്ത്. സാരെഫാത്തിൽനിന്നു ഒരു പതിനഞ്ചു മിനിറ്റ് നടന്നാൽ, അവന് ഈസെബേൽ വളർന്ന സിദോൻ കാണാമായിരുന്നു. എങ്ങനെയായാലും, ഏലിയാവ് തർക്കിക്കാതെ പോയി.

''അവൻ പട്ടണവാതിൽക്കൽ എത്തിയപ്പോൾ, അതാ അവിടെ ഒരു വിധവ നിൽക്കുന്നു'' (വാക്യം 10). അതാണ് ആ പറഞ്ഞതായ സ്ത്രീ എന്ന് ഏലിയാവ് എങ്ങനെ അറിഞ്ഞു? ഒരുപക്ഷെ ദൈവികസന്ദേശത്താലായിരിക്കാം, അല്ലെങ്കിൽ അവൾ ''വിധവയുടെ വസ്ത്രം ധരിച്ചിരുന്നതിനാലാകാം,''[1] അവൻ പരിശോധിച്ചതിനാലുമാകാം. എങ്ങനെയായാലും, ഏലിയാവ് പട്ടണത്തിലെത്തിയപ്പോൾ, ആദ്യം കണ്ടത് ദൈവം അവനെ പുലർത്തുമെന്നു പറഞ്ഞ സ്ത്രീയെ ആയിരുന്നു. ദൈവത്തിന്റെ ഏർപ്പാടുകൾ വിസ്മയാവഹമല്ലേ?

വിധവ അപ്പോൾ എന്തു ചെയ്യുകയായിരുന്നു?

> അവൻ പട്ടണവാതിൽക്കൽ എത്തിയപ്പോൾ, അവിടെ ഒരു വിധവ വിറകു പെറുക്കിക്കൊണ്ടിരുന്നു; ... അവൾ പറഞ്ഞു, ''... നിന്റെ ദൈവമായ യഹോവയാണ, കലത്തിൽ ഒരു പിടി മാവും, തുരുത്തിയിൽ അൽപം

എണ്ണയും മാത്രമല്ലാതെ എനിക്ക് ഒരപ്പവും ഇല്ല; ഞാൻ ഇതാ രണ്ട് വിറകു പെറുക്കുന്നു, ഇതു കൊണ്ടുചെന്നു എനിക്കും മകനും വേണ്ടി ഒരുക്കി ഞങ്ങൾ അതു തിന്നിട്ടു മരിപ്പാനിരിക്കയാകുന്നു'' (വാക്യങ്ങൾ 10, 12).

ദൈവം സാരെഫാത്തിലെയും വെള്ളം നിർത്തിയിരുന്നു (വാക്യം 14). വരൾച്ച ഫൊയ്നീക്യവരെ എത്തിയിരുന്നു എന്നാണ് ലൗകിക എഴുത്തുകാർ പറഞ്ഞത്. യിസ്രായേലിനെ വഷളാക്കിയ തിന്മ വന്നത് ഫൊയ്നിക്യയിൽനിന്നായിരുന്നു; അതിനാൽ അതും കഷ്ടതയനുഭവിക്കേണ്ടത് അനിവാര്യമായിരുന്നു.

വിധവ വിറകു പെറുക്കിക്കൊണ്ടിരുന്നു, പക്ഷെ മരിക്കുവാൻ ഒരുങ്ങിയിരുന്നു. അവൾ വിറകു പെറുക്കിക്കൊണ്ടിരുന്നപ്പോൾ, അവളുടെ മകൻ എവിടെ പോയിരുന്നു? ഒരുപക്ഷെ അമ്മയുടെ മടങ്ങിവരവും കാത്തുകിടന്നിരിക്കാം. അവളുടെ മനസിൽ അന്നത്തേത്, ഭൂമിയിലെ അവസാന ദിനമായിരുന്നു.

ഏലിയാവിന് സാരെഫാത്തിലെത്തുവാൻ അപകടം നിറഞ്ഞ എഴുപത്തഞ്ചോ നൂറോ മൈൽ നടന്ന് ഹൃദയഭേദകമായ അവസ്ഥയിലാണ് അവിടെയെത്തിയിരിക്കുന്നത്. അവൻ അവിടെ എത്തിയപ്പോൾ, വിചാരിച്ചതിലും മോശമായിരുന്നു അവിടത്തെ സ്ഥിതി. നിങ്ങൾ എപ്പോഴെങ്കിലും ഒരു പുതിയ സ്ക്കൂളിലേക്കോ പുതിയ ജോലി സ്ഥലത്തേക്കോ മാറി പോയിട്ടുണ്ടോ? അങ്ങനെ പോകുമ്പോൾ, നിങ്ങൾ ഏറ്റവും മോശമായതാണോ പ്രതീക്ഷിക്കുന്നത്? ''അതു മോശമാകുവാനിരിക്കുന്നേയുള്ളു!'' എന്നു നിങ്ങൾ നിങ്ങളോടുതന്നെ പറയും. നിങ്ങൾ അവിടെ എത്തുമ്പോൾ, എങ്ങനെയായാലും, നിങ്ങൾ വിചാരിച്ചതിനേക്കാൾ മോശമായിരിക്കും.

ഏലിയാവേ, സാരെഫാത്തിലേക്ക് സ്വാഗതം!

എങ്ങനെയായാലും, നമ്മുടെ ശ്രദ്ധ ഇനി വിധവയിലേക്ക് തിരിക്കാം. അവൾ ചെറുപ്പമായിരുന്നു എന്നാണ് ഞാൻ കരുതുന്നത്. നാം കാണുവാനിരിക്കുന്നതുപോലെ, ആ ആൺകുട്ടി അവളുടെ കൈക്കുള്ളിൽ കിടക്കുന്ന പ്രായമാണ്.[2] അക്കാലത്ത് പെൺകുട്ടികളെ ചെറുപ്രായത്തിൽ വിവാഹം കഴിക്കയും, അവർക്ക് ചെറുപ്പമായിരിക്കുമ്പോൾ തന്നെ മക്കൾ ജനിക്കയുമാണ് പതിവ്.

ജീവിതം നീണ്ടു കിടക്കുന്ന ഒരു പെൺകുട്ടിയായിട്ടാണ് ഞാൻ അവളെ കാണുന്നത്. വിവാഹം കഴിച്ച് അവൾക്ക് നല്ല ഒരു ആൺകുട്ടിയുമുണ്ടായി. അവൾക്ക് മുൻപിൽ ജീവിതം അങ്ങനെ കിടക്കുന്നു. അപ്പോഴാണ് അപകടം സംഭവിച്ചത്. അവളുടെ ഭർത്താവ് മരിക്കുകയും, ആരംഭത്തിൽ തന്നെ അവൾ ഭർത്താവില്ലാത്തവളാകുകയും ചെയ്തു. അവൾക്ക് സംരക്ഷിക്കുവാൻ ഒരു ആൺകുട്ടിയെ കൊടുത്തിട്ടാണ് അയാൾ പോയത്, മറ്റാരും കുടുംബത്തിൽ സമ്പാദിക്കുവാനില്ല. അപ്പോൾ ക്ഷാമവും നേരിട്ടു. ദിവസങ്ങൾ പിന്നിട്ടപ്പോൾ അവളുടെ കലത്തിലെ മാവും ഭരണിയിലെ എണ്ണയും തീരാറായിരുന്നു. പ്രായത്തിൽ അവൾ ചെറുപ്പമായിരുന്നെങ്കിലും, പ്രായക്കൂടുതൽ തോന്നിക്കുമായിരുന്നു. വിളറി വെളുത്ത്, മുഖത്തെ തൊക്കുകൾ ഉൾവലിഞ്ഞു, ശരീരവും, കൈകാലുകളും മെലിഞ്ഞുപോയിരുന്നു. അവൾക്ക് യാതൊരു പ്രത്യാശയുമില്ലായിരുന്നു; അവൾ മരിക്കുവാൻ തയ്യാറായിരുന്നു.

നമുക്ക് നിന്ന് ഈ സത്യത്തിന് ഊന്നൽ നൽകാം: *സ്വർഗം അറിയുകയും കരുതുകയും ചെയ്തു!*

പഴയനിയമത്തിലും പുതിയ നിയമത്തിലും സ്വർഗം വിധവമാരെ കരുതുന്നു എന്ന് ഊന്നി പറയുന്നുണ്ട്. പുറപ്പാട് 22:22 കൽപിക്കുന്നു, ''വിധവമാരെയും അനാഥരെയും നിങ്ങൾ ക്ലേശിപ്പിക്കരുത്.'' പരദേശികൾക്കും അനാഥർക്കും വിധവമാർക്കും പ്രത്യേക പരിഗണന നൽകണമെന്ന് ആവർത്തനം 14, 16, 24, 26 ഊന്നി പറയുന്നു. മകൻ നഷ്ടപ്പെട്ട നയിനിലെ വിധവയോട് യേശുവിനുണ്ടായ മനസലിവ് ഓർക്കുക (ലൂക്കൊസ് 7). ''അവളോ വിധവ ആയിരുന്നു'' എന്ന വാക്കുകൾ ആ സംഭവത്തിലും പലതും പറയുന്നതായിരുന്നു (വാക്യം 12). ''അനാഥരെയും വിധവമാരെയും അവരുടെ സങ്കടങ്ങളിൽ ചെന്നു കാണുന്നതാകുന്നു,'' ''യഥാർത്ഥത്തിലുള്ള ദൈവഭക്തി'' എന്ന് യാക്കൊബ് 1:27 പറയുന്നു.

പൊതുവിൽ സ്വർഗം വിധവമാരിൽ താൽപര്യം കാണിക്കുക മാത്രമല്ല; സ്വർഗം പ്രത്യേകിച്ച് ഈ വിധവയെ കരുതിയിരുന്നു എന്നു കാണാം. 1 രാജാക്കന്മാർ 17 നൽകാത്ത ഒരു ഉൾക്കാഴ്ച്ച ലൂക്കൊസ് 4 നൽകുന്നു. കഫർന്നഹൂമിൽ വെച്ച് അത്ഭുതങ്ങൾ കാണിക്കുവാൻ യേശുവിനെ വെല്ലുവിളിക്കുകയുണ്ടായി. അതിനു മറുപടിയായി, ഫലത്തിൽ അവൻ പറഞ്ഞത് അത്ഭുതങ്ങൾ വകതിരിവില്ലാതെ ഉപയോഗിക്കുവാനുള്ളതല്ല, മറിച്ച് പ്രത്യേക ഉദ്ദേശത്തിനുള്ളതാണ്. പിന്നെ അവൻ ആ സത്യത്തെ ഈ വാക്കുകളിൽ ചിത്രീകരിക്കുന്നു:

> ''ഏലിയാവിന്റെ കാലത്ത് ആകാശം മൂവാണ്ടും ആറുമാസവും അടെഞ്ഞിട്ട് ദേശത്തെങ്ങും മഹാ ക്ഷാമം ഉണ്ടായപ്പോൾ യിസ്രായേലിൽ പല വിധവമാർ ഉണ്ടായിരുന്നു എന്നു ഞാൻ യഥാർത്ഥമായി നിങ്ങളോട് പറയുന്നു. എന്നാൽ സിദോനിലെ സാരെഫാത്തിലെ ഒരു വിധവയുടെ അടുക്കലേക്കല്ലാതെ അവരുടെ ആരുടെ അടുക്കലേക്കും ഏലിയാവിനെ അയച്ചില്ല'' (ലൂക്കൊസ് 4:25, 26).

ഏലിയാവിനെ സഹായിക്കുവാൻ മാത്രമായിരുന്നില്ല അവനെ സാരെഫാത്തിലേക്ക് അയച്ചത്, പിന്നെയോ, ഒരു വിധവയെ സഹായിക്കുന്നതിനു കൂടെയാണ് എന്നത്രെ യേശു പറഞ്ഞത്. ദൈവം അവളെ തിരഞ്ഞെടുത്തു. ദൈവം അവളുടെ കുഴപ്പങ്ങൾ മനസിലാക്കി. ദൈവം അവളെ സഹായിക്കുവാൻ തീരുമാനിച്ചു.

നിങ്ങളുടെ വീട്ടിൽ എന്തെല്ലാം കുഴപ്പങ്ങളിൽകൂടെയാണ് ഇപ്പോൾ നിങ്ങൾ കടന്നുപോകുന്നത് എന്ന് എനിക്ക് അറിയില്ല. ഒരുപക്ഷെ ഒരു യഥാർത്ഥ ക്രിസ്തീയ ഭർത്താവായോ, ഭാര്യയായോ, അപ്പനായോ, അമ്മയായോ ജീവിക്കുവാൻ ഭാരപ്പെടുകയായിരിക്കാം. വലിയ സംഘർഷങ്ങളുടെ മദ്ധ്യേ നിങ്ങളെ ആരും അനുമോദിക്കാതിരിക്കവെ നിങ്ങൾ നിങ്ങളുടെ പങ്കാളിയുമായും കുട്ടികളുമായും സമയവും ഊർജ്ജവും ചെലവിടുവാൻ മുൻഗണന തയ്യാറാക്കുന്നതിൽ നിങ്ങൾ വിഷമിക്കുകയാവാം. ഒരുപക്ഷെ നിങ്ങളും നിങ്ങളുടെ ജീവിതപങ്കാളിയുമായുള്ള ബന്ധം സർവ്വശക്തനായ ദൈവമുൻപാകെ എടുത്ത പ്രതിജ്ഞയേക്കാൾ ഒരു പേപ്പറിൽ ഒപ്പിട്ടു വേർപിരിയുന്ന അധപ്പതനത്തിലേക്ക് തിരിഞ്ഞിരിക്കയാവാം. അതല്ലെങ്കിൽ നിങ്ങളുടെ ജീവിതം ദൈവത്തിന്റെ ഭവനവുമായി വിഛേദിക്കുന്ന ഘട്ടമെത്തിയ സംഘർഷത്തിലായിരിക്കാം.

ഒരുപക്ഷെ വർദ്ധിച്ചുവരുന്ന കടബാധ്യതകളിൽനിന്നു കരകയറുവാൻ

വഴി കാണാതെ, ഒരു വീട് വെക്കുവാൻ പ്രയാസപ്പെട്ടുകൊണ്ടിരിക്കയോ, അതുമല്ലെങ്കിൽ ആഹാരത്തിനു പോലും വഴി കാണാതെ ഉഴലുകയായിരിക്കാം. കുടുംബത്തിലെ എല്ലാ ബന്ധങ്ങളെയും ഉലക്കുന്ന വിധത്തിൽ രോഗം ബാധിച്ചിരിക്കയാവാം. ഒരിക്കലും സൗഖ്യം ലഭിക്കാത്ത വിധത്തിൽ പൊള്ളലേന്നോ മുറിവേന്നോ കിടക്കുകയാകാം. കൗമാര - പ്രായത്തിലായ വീട്ടിലുള്ള കുട്ടികളെ നേർപാതയിൽ - ക്രിസ്തീയ പാതയിൽ വളർത്തുവാൻ വിഷമിക്കുകയാകാം. അതുമല്ലെങ്കിൽ മക്കളെ ഓർത്ത് കരഞ്ഞ് കണ്ണുനീർ ബാക്കിയില്ലാത്ത അവസ്ഥയിലായിരിക്കാം. നിങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നതു ആരും മനസിലാക്കുന്നില്ല എന്ന വിഷമമായിരിക്കാം നിങ്ങളിലുള്ളത്.

അപ്പോൾ ദൈവം നമ്മെ അറിയുകയും, മനസിലാക്കുകയും, കരുതുകയും ചെയ്യുന്നു എന്നു തിരിച്ചറിയുന്നത് എത്ര ആശാവഹമാണ്?

## സ്വർഗത്തിന്റെ നിബന്ധനകൾ

ഇനി സ്വർഗത്തിന്റെ നിബന്ധനകളെ പരിഗണിക്കുക. സ്വർഗം നിങ്ങളെ സഹായിക്കുവാൻ ആഗ്രഹിക്കുന്നു, എന്നാൽ ചില രീതിയിലുള്ള ഭവനത്തെ മാത്രമെ ദൈവം സഹായിക്കയുള്ളു. ദേശത്തെ മറ്റു വിധവകളെയൊന്നും നോക്കാതെ ഒരു വിധവയെ മാത്രമാണ് ദൈവം തിരഞ്ഞെടുത്തത് എന്നാണ് ലൂക്കൊസ് 4 അന്തർലീനമാക്കിയത് (വാക്യങ്ങൾ 25, 26). അവൻ അത് മനപ്പൂർവ്വമായിട്ടായിരിക്കാം ചെയ്തത്. സ്വഭാവത്തിന്റെ അടിസ്ഥാനത്തിലാണ് ദൈവം തന്റെ തിരഞ്ഞെടുപ്പ് നടത്തുന്നത്. ഇവിടെയും അങ്ങനെ തന്നെയാണെന്നു തോന്നുന്നു. നമ്മുടെ വേദഭാഗത്ത് പറഞ്ഞ ഭവനം ഏതു വിധത്തിലുള്ളതായിരുന്നു എന്ന് ശ്രദ്ധിക്കുക:

ആദ്യമായി, അത് നൽകുന്ന ഒരു ഭവനമായിരുന്നു.

ഏലിയാവ് പറഞ്ഞു, ''എനിക്ക് കുടിപ്പാൻ പാത്രത്തിൽ കുറച്ചു വെള്ളം കൊണ്ടുവരേണമേ'' (1 രാജാക്കാന്മാർ 17:10). അതു കൊണ്ടുവരുവാൻ അവൾ പോയി (വാക്യം 11). അവൾ മരിക്കുവാൻ പോകുന്നു, പക്ഷെ ഇവിടെ ഇതാ ഒരാൾ മരുഭൂപാതയിൽകൂടെ നടന്ന് അവശനായി ദാഹിച്ചുവരുന്ന ഒരു മനുഷ്യൻ, അവന്റെ ദാഹം ശമിപ്പിക്കാതിരിപ്പാൻ അവൾക്കു കഴിഞ്ഞില്ല.

ചില ഭവനങ്ങൾ സന്ദർഭം ഒരുക്കുന്നു; മറ്റു ചിലത് നൽകുവാൻ മനസ് കാണിക്കുന്നു. ആ ഭവനം നൽകുന്ന അന്തരിക്ഷമുള്ള ഒന്നായിരുന്നു.

ഒരുപക്ഷെ പ്രവാചകന്മാരെ കൈക്കൊള്ളുന്നവരെ കുറിച്ച് യേശു സൂചിപ്പിച്ചത് ഈ വിധവയെ ആയിരിക്കാം:

> ''പ്രവാചകൻ എന്നുവെച്ച് പ്രവാചകനെ കൈക്കൊള്ളുന്നവന് പ്രവാചകന്റെ പ്രതിഫലം ലഭിക്കും; നീതിമാൻ എന്നുവെച്ച് നീതിമാനെ കൈക്കൊള്ളുന്നവന്നു നീതിമാന്റെ പ്രതിഫലം ലഭിക്കും; ശിഷ്യൻ എന്നു വെച്ച് ഈ ചെറിയവരിൽ ഒരുത്തന്നു *ഒരു പാനപാത്രം തണ്ണീർ കുടിപ്പാൻ കൊടുക്കുന്നവന്നു* പ്രതിഫലം കിട്ടാതെ പോകയില്ല എന്നു ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു'' (മത്തായി 10:41, 42; എംഫസിസ് മൈൻ).

രണ്ടാമത്, അത് വിശ്വാസമുള്ള ഒരു ഭവനമായിരുന്നു.

ഏലിയാവ് അപ്പം കൂടെ ആവശ്യപ്പെട്ടപ്പോൾ അവൾ പറഞ്ഞു, ''*നിന്റെ ദൈവമായ യഹോവയാണ,* എനിക്ക് ഒരു അപ്പവുമില്ല'' (വാക്യം 12; എംഫസിസ്

മെൻ). അവിടെ ഉപയോഗിച്ച ''ലോർഡ്'' എന്നത് തർജിമ ചെയ്തിരിക്കുന്നത് ദൈവം എന്നാണ്. സാരെഫാത്ത് സ്ഥിതി ചെയ്തിരുന്നത് കനാനിലായിരുന്നില്ലെങ്കിലും, അടുത്തായിരുന്നു, തദ്ദേശവാസികൾ യിസ്രായേലിന്റെ ദൈവത്തെ കുറിച്ച് അറിയാതിരുന്നില്ല. പിന്നെ ഏലിയാവ് പറഞ്ഞതുപോലെ അവൾ ചെയ്തു; തീർച്ചയായും ദൈവം കൽപിച്ചതുകൊണ്ടാണ് അവൾ അങ്ങനെ ചെയ്തത്. അവളുടെ വിശ്വാസം ആ സമയത്ത് കുറഞ്ഞുപോയിരുന്നില്ല. അവളുടേയും അവളുടെ മകന്റേയും ജീവിതം അവൾ സത്യദൈവത്തിൽ സമർപ്പിച്ചിരുന്നു.

ഒരിക്കൽ യേശുവിന്റെ വ്യക്തിപരമായ പ്രവർത്തനസമയത്ത് അവൻ സാരെഫാത്തിലെ വിധവ താമസിച്ചിരുന്ന പ്രദേശത്തുകൂടെ യാത്ര ചെയ്തിരുന്നു. അവിടെ വെച്ച് അവൻ ഒരു സോർ-ഫൊയിനിക്യ സ്ത്രീയെ കണ്ടുമുട്ടിയിരുന്നു. ജാതിയിൽ പെട്ട ആ സ്ത്രീ യേശുവിന്റെ അടുക്കൽ വന്നു നിലവിളിച്ചു, ''കർത്താവേ, ദാവീദ് പുത്രാ, എന്നോട് കരുണ തോന്നേണമേ, എന്റെ മകൾക്ക് ഭൂതോ-പദ്രവം കഠിനമായിരിക്കുന്നു'' (മത്തായി 15:22). യേശു അവളെ അവഗണിച്ചതായി തോന്നുന്നു; ശിഷ്യന്മാർ അവളെ അകറ്റുവാൻ ശ്രമിച്ചു; പക്ഷെ അവൾ തന്റെ മകൾക്ക് വേണ്ടി യേശുവിനോട് അപേക്ഷിച്ചുകൊണ്ടിരുന്നു: ''കർത്താവേ, എന്നോട് കരുണ തോന്നേണമെ.'' (വാക്യം 25) അവസാനം യേശു അവളെ പരിഹസിക്കയാണെന്നു പോലും തോന്നി. എന്നാൽ അവൾ ഫലത്തിൽ പറഞ്ഞു, ''ഞാൻ നിന്റെ ശക്തിയുടെ ഒരണു മാത്രമാണ് ആവശ്യപ്പെടുന്നത്'' (വാക്യങ്ങൾ 26, 27). ''പിന്നെ യേശു അവളോട്, 'ഓ സ്ത്രീയേ, *നിന്റെ വിശ്വാസം വലിയത്*, നിന്റെ ഇഷ്ടം പോലെ നിനക്ക് ഭവിക്കട്ടെ എന്നു പറഞ്ഞു'' (വാക്യം 28; എംഫസിസ് മൈൻ). അന്യദേവന്മാരെ നമസ്കരിച്ചിരുന്ന ആ ദേശത്ത് സത്യദൈവത്തിലുള്ള വിശ്വാസം വളർന്നതെങ്ങനെ എന്നു എനിക്ക് അറിയില്ല. അത് സാരെഫാത്തിലെ വിധവിയിലും ഈ സ്ത്രീയിലും ഉണ്ടായിരുന്നു.

ഇന്നും നമുക്ക് വിശ്വാസഭവനങ്ങൾ ആവശ്യമാണ്. സങ്കീർത്തനക്കാരൻ പറഞ്ഞു, ''നിന്റെ വഴി യഹോവയെ ഭരമേൽപിക്ക, അവനിൽ തന്നെ ആശ്രയിക്ക, അവൻ അതു നിർവ്വഹിക്കും'' (സങ്കീർത്തനങ്ങൾ 37:5).

മൂന്നാമത്, അത് ഒരു അനുസരണമുള്ള ഭവനമായിരുന്നു.

ഏലിയാവ് കുടിക്കുവാൻ ചോദിച്ചു. പിന്നെ നാം വായിക്കുന്നു:

> അവൾ കൊണ്ടുവരുവാൻ പോകുമ്പോൾ, ''ഒരു കഷണം അപ്പവും കൂടെ കയ്യിൽ കൊണ്ടുപോരേണമേ.'' എന്നാൽ അവൾ പറഞ്ഞു, ''നിന്റെ ദൈവമായ യഹോവയാണെ, കലത്തിൽ ഒരുപിടി മാവും, തുരുത്തിയിൽ അൽപം എണ്ണയും മാത്രമല്ലാതെ എനിക്ക് ഒരു അപ്പവും ഇല്ല. ഞാൻ ഇതാ രണ്ടു വിറക് പെറുക്കുന്നു; ഇതു കൊണ്ടുചെന്നു എനിക്കും മകനും വേണ്ടി ഒരുക്കി ഞങ്ങൾ അത് തിന്നിട്ട് മരിക്കാനിരിക്കയാകുന്നു'' എന്നു പറഞ്ഞു. ഏലിയാവ് അവളോട്, ''ഭയപ്പെടേണ്ട നീ പോയി പറഞ്ഞതുപോലെ ചെയ്ക. എന്നാൽ നീ എനിക്ക് ചെറിയോരു അടയുണ്ടാക്കി കൊണ്ടുവരിക. പിന്നെ നിനക്കും മകനും വേണ്ടി ഉണ്ടാക്കിക്കൊൾക. 'യഹോവ ഭൂമിയിൽ മഴ പെയ്യിക്കുന്ന നാൾവരെ കലത്തിലെ മാവ് തീർന്നുപോകയില്ല, ഭരണിയിലെ എണ്ണ കുറഞ്ഞുപോകയുമില്ല എന്നു യിസ്രായേലിന്റെ ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു' '' അവൾ ചെന്നു ഏലിയാവ് പറഞ്ഞതുപോലെ ചെയ്തു (വാക്യങ്ങൾ 11-15).

ഇതിനെ അനുമോദിക്കുവാൻ, നമുക്ക് ചിത്രം മുഴുവൻ ലഭിക്കേണ്ടതായിട്ടുണ്ട്. വിധവ യഹൂദസ്ത്രീ ആയിരുന്നില്ല (അവൾ പറഞ്ഞതു ശ്രദ്ധിക്കുക, ''*നിന്റെ* ദൈവമായ യഹോവ''). ഒരു മനുഷ്യൻ എവിടെനിന്നോ പ്രവാചകന്റെ വസ്ത്രധാരണയിലാണ് വരുന്നത്. അവളുടെ ശ്രദ്ധ കലത്തിൽനിന്നും ഭരണിയിൽനിന്നും മാറ്റി ദൈവത്തിലേക്കു തിരിക്കുവാനുള്ള വെല്ലുവിളിയായിരുന്നു അവൻ ആദ്യം നൽകിയത്. ആ വന്യ-മനുഷ്യൻ പറഞ്ഞത് മാനുഷിക വീക്ഷണത്തിൽ അർത്ഥശൂന്യമായിരുന്നു. എന്നിരുന്നാലും, അവളോട് ചെയ്യുവാൻ പറഞ്ഞത് അവൾ *ചെയ്തു*. അവൾ അനുസരണമുള്ളവളായിരുന്നു.

ദൈവേഷ്ടം മാത്രം ചെയ്യുവാൻ അവനിൽ സർപ്പിക്കപ്പെട്ട ഭവനങ്ങൾ ഇന്ന് എത്ര അനിവാര്യമാണ്!

നാലാമത്, അത് സ്വാർത്ഥരഹിതമായ ഒരു ഭവനമായിരുന്നു.

ആ ചെറിയ ഭവനത്തിന്റെ പ്രത്യേക ഗുണങ്ങളെ ചുരുക്കി പറഞ്ഞാൽ, അത് ഒരു നിസ്വാർത്ഥ ഭവനമായിരുന്നു. ജെ. ആർ. മാക്ഡഫ്, അദ്ദേഹത്തിന്റെ ക്ലാസിക് ഏലൈജാ, *ദ പ്രോഫറ്റ് ഓഫ് ഫയർ* എന്ന പുസ്തകത്തിൽ എഴുതി, ''വിശ്വാസവും നിസ്വാർത്ഥതയും ഒരുമിച്ച് തിരുവെഴുത്തിൽ പറയുന്നത് വളരെ ചുരുക്കമായിട്ടാണ്; ഏലിയാവിന്റെ ആവശ്യം അനുസരിച്ച്, അവളുടെ വീട്ടിലുണ്ടായിരുന്ന അൽപം കൊണ്ട് അവൾ അവന്റെ ക്ഷീണവും വിശപ്പും അടക്കി ആശ്വസിപ്പിച്ചു.''[3]

തിരുവെഴുത്തിൽ മറ്റൊരു വിധവയെ ഓർപ്പിക്കുന്നുണ്ട്: തനിക്കുണ്ടായിരുന്ന രണ്ടു വെള്ളിക്കാശ് അവൾ കർത്താവിനു നൽകിയ മർക്കൊസ് 12 ലെ സാധുവായ സ്ത്രീ. ഇന്ന് നമ്മോട് സഹായം ആവശ്യപ്പെട്ടാൽ, നമ്മുടെ ആഡംബരത്തിൽനിന്നാണ് നൽകുന്നത്, പക്ഷെ ഈ വിധവയും സാരെഫാത്തിലെ വിധവയും തങ്ങൾക്കുണ്ടായിരുന്നതെല്ലാം നൽകി.

നിസ്വാർത്ഥതക്ക് എത്രമാത്രം പ്രാധാന്യമുണ്ട്! തന്നെക്കുറിച്ചു മാത്രമല്ല, മറ്റുള്ളവരെ കൂടെ കരുതുന്ന സ്വാർത്ഥരഹിതമായ ഭവനങ്ങൾ കൂടുതലായി നമുക്കുണ്ടായാൽ ദൈവം ആ ഭവനങ്ങളെ കൂടുതലായി അനുഗ്രഹിക്കും (ഫിലിപ്പിയർ 2:3); ഓരോ ഭവനത്തിലും ഒരാൾ തന്റേതിനേക്കാൾ മറ്റുള്ളവരുടെ സന്തോഷത്തിന് മുൻതൂക്കം കരുതണം!

### സ്വർഗത്തിന്റെ സമർപ്പണം

ഏലിയാവ് വിധവയോട് ആദ്യം തനിക്ക് ഒരു അടയുണ്ടാക്കി കൊണ്ടുവരുവാൻ ആവശ്യപ്പെട്ടപ്പോൾ, ദൈവം അരുളിച്ചെയ്തത് അവൻ അവളോട് പറഞ്ഞു, ''യഹോവ ഭൂമിയിൽ മഴ പെയ്യിക്കുന്ന നാൾ വരെ കലത്തിലെ മാവ് തീർന്നുപോകയില്ല, ഭരണിയിലെ എണ്ണ കുറഞ്ഞുപോകയുമില്ല എന്ന് യിസ്രായേലിന്റെ ദൈവമായ യഹോവ അരുളിച്ചെയ്യുന്നു'' (1 രാജാക്കന്മാർ 17:14). അതായിരുന്നു അവളോടുള്ള സ്വർഗത്തിന്റെ സമർപ്പണം. ദൈവം ആ സമർപ്പണം പാലിച്ചോ? നാം വാക്യം 15 ലും 16 ലും തുടർന്നു വായിക്കുന്നു:

> അവൾ ചെന്നു ഏലിയാവ് പറഞ്ഞതുപോലെ ചെയ്തു. അങ്ങനെ അവനും അവളുടെ വീട്ടുകാരും ഏറിയനാൾ അഹോവൃത്തി കഴിച്ചു. ഏലിയാവ് മുഖാന്തരം യഹോവ അരുളിച്ചെയ്ത വചനപ്രകാരം കലത്തിലെ മാവ് തീർന്നുപോയില്ല, ഭരണിയിലെ എണ്ണ കുറഞ്ഞുപോയതുമില്ല.

ഓരോ ദിവസവും അവർ മാവും എണ്ണയും ഉപയോഗിച്ചശേഷം പാത്രം വൃത്തിയാക്കും, അടുത്ത ദിവസവും കലവും ഭരണിയും നിറഞ്ഞിരിക്കും. ദൈവം അന്നന്നത്തേക്കുള്ള മാവും എണ്ണയും നൽകിക്കൊണ്ടിരുന്നു; ഓരോ ദിവസവും അത്ഭുതം നടന്നു. ഒരു ചെറിയ ഭവനത്തെ ദൈവം ഏത്ര കരുതലോടെയാണ് പോററിയത്!

വിവിധ പദാർത്ഥങ്ങൾ ഇല്ലായിരുന്നു എന്നതു വാസ്തവമാണ്. മാവും എണ്ണയും കൊണ്ട് നിങ്ങൾക്ക് എന്തുണ്ടാക്കുവാൻ കഴിയും? അടകൾ. പ്രാതൽ ഭക്ഷണത്തിന് അവർക്ക് അടയും വെള്ളവുമായിരുന്നു, മദ്ധ്യാഹ്ന ഭക്ഷണത്തിനും, അത്താഴത്തിനും അതു തന്നെ തുടർന്നു. 1973-ൽ ഞങ്ങൾ കുടുംബസമേതം യൂറോപ്പിൽ നാൽപത്തി-അഞ്ചു ദിവസത്തെ പര്യടനത്തിനു പോയത് എനിക്ക് ഓർമ്മ വരുന്നു. യൂറോപ്പിനെ കുറിച്ചുള്ള പുസ്തകത്തിൽ ചെലവ് *ഒരു ദിവസം 5-10*.[4] ഞങ്ങൾ ധാരാളം ചീസും, പഴങ്ങളും, റൊട്ടിയും കരുതിയിരുന്നു. ആ യാത്ര അവസാനിക്കുമ്പോഴേക്കും, ഞങ്ങളുടെ മൂന്നു പെൺമക്കൾ ഒരു പാട്ടുണ്ടാക്കി: ''പ്രഭാതത്തിൽ, ചീസ്, മദ്ധ്യാഹ്നത്തിൽ, ചീസ്, അത്താഴത്തിനു ചീസ്.''[5]

അധികവിഭവങ്ങളില്ലായിരുന്നുവെങ്കിലും, ലഭിച്ച അനുഗ്രഹത്തിന് ആ വിധവ അനുമോദിച്ചിരിക്കയില്ലേ? അവളുടെ മുഖം പഴയ പ്രസന്നതയിലേക്ക് തിരിച്ച് വരുന്നത് ഊഹിക്കുക. അവളുടെ മകൻ ആരോഗ്യവും ഉന്മേഷവുമുള്ള മിടുക്കനായി അവൾ കാണുന്നതും ചിന്തിക്കുക. അവൾ ആ അട തിന്നു കൊണ്ട് ആഹ്ലാദത്തോടെ ഈ പാട്ടു പാടുന്നത് മനസിലേക്ക് കൊണ്ടുവരിക:

> യഹോവ എന്നെ സ്നേഹിക്കുന്നു!
> എന്നെനിക്ക് അറിയാം,
> അട അതാണ് പറയുന്നത്.[6]

ഒരാൾ ആഗ്രഹിക്കുന്നത് ലഭിക്കുന്നതല്ല വാസ്തവത്തിലുള്ള അനുഗ്രഹം, മറിച്ച് ഒരാൾക്ക് ആവശ്യമുള്ളത് ലഭിക്കുന്നതാണ്.

നിങ്ങൾ ഒരു ക്രിസ്ത്യാനി ആണെങ്കിൽ, നാം ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്ന ആളാണ് നിങ്ങളെങ്കിൽ - വിശ്വാസമുള്ള, നൽകുന്ന, അനുസരണമുള്ള, സ്വാർത്ഥരഹിതമായ വ്യക്തി ആണെങ്കിൽ, നിങ്ങൾക്കും നിങ്ങളുടെ ഭവനത്തിനു ം ദൈവത്തിന്റെ ചില സമർപ്പണങ്ങളുണ്ട്. ലൂക്കൊസ് 6:35, 38 പരിഗണിക്കുക:

> ''... ഒന്നും പകരം ഇഛിക്കാതെ കടംകൊടുപ്പിൻ, എന്നാൽ നിങ്ങളുടെ പ്രതിഫലം വളരെ ആകും; നിങ്ങൾ അത്യുന്നതന്റെ മക്കൾ ആകും; ... കൊടുപ്പിൻ എന്നാൽ നിങ്ങൾക്ക് കിട്ടും; അമർത്തി കുലുക്കി കവിയുന്നോരു നല്ല അളവ് നിങ്ങളുടെ മടിയിൽ തരും; നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും.''

അത് സാരെഫാത്തിലെ വിധവയോട് പറഞ്ഞ വാഗ്ദാനം പോലെ തോന്നുന്നില്ലേ? നാം കണ്ടതുപോലെ, ദൈവം വാക്ക് പാലിച്ചു. ഇപ്പോൾ യേശു പറയുന്നു, ''അതേ വാഗ്ദാനം ഞാൻ ഇപ്പോൾ നിങ്ങൾക്ക് നൽകുന്നു!''

അതേ രീതിയിലുള്ള ഒരു വാഗ്ദാനം മത്തായി 25-ൽ നമുക്ക് കാണാം. വാക്യം 34-ൽ, വലത്തുഭാഗത്തുള്ളവരോട് യേശു പറയുന്നു, ''വരുവിൻ,

എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ, ലോകത്തിന് അടിസ്ഥാനം ഇടുന്നതിനു മുമ്പ് നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ.'' എന്തുകൊണ്ടാണ് അവർ അനുഗ്രഹിക്കപ്പെട്ടത്? ഒരു കാരണം വാക്യം 35-ൽ പറയുന്നു: ''ഞാൻ വിശന്നു നിങ്ങൾ എനിക്കു ഭക്ഷിപ്പാൻ തന്നു; എനിക്കു ദാഹിച്ചു, നിങ്ങൾ കുടിപ്പാൻ തന്നു.'' വാക്യം 40-ൽ, ''ഈ ചെറിയവരിൽ ഒരുത്തനു നിങ്ങൾ ചെയ്തത് എല്ലാം, എനിക്കാണ് ചെയ്തത്.''

ഭവനത്തിന്റെ ദൈ-ന-ന്തിന ആവശ്യങ്ങൾ നിറവേറപ്പെടുമെന്നു യേശു വാഗ്ദാനം ചെയ്തിരിക്കുന്നു: ''മുമ്പേ അവന്റെ രാജ്യവും നീതിയും അമ്പേഷിപ്പിൻ; എന്നാൽ ഇതൊക്കെയും നിങ്ങൾക്കു കിട്ടും'' (മത്തായി 6:33). സന്ദർഭത്തിൽ ''ഇതെല്ലാം'' എന്നു പറയുന്നതിൽ ഭക്ഷണവും, പാനീയവും, വസ്ത്രവും, ജീവിതത്തിലെ മനുഃവശ്യങ്ങളും ഉൾപ്പെടുന്നു. നിങ്ങൾക്ക് ആഗ്രഹമുള്ളതെല്ലാം ഉണ്ടായിരിക്കയില്ല, എന്നാൽ ആവശ്യമുള്ളത് നിങ്ങൾക്കുണ്ടായിരിക്കും.

സാരെഫാത്തിലെ വിധവയെ അന്ന് അത്ഭുതകരമായി പോന്ധിയതുപോലെ ഇന്നു ദൈവം നമ്മെ പോന്ധുകയില്ല. സൃഷ്ടിക്കുശേഷം, മനുഷ്യ ചരിത്രത്തിൽ അത്ഭുതങ്ങളുടെ മൂന്നു വലിയ കാലഘട്ടം കാണാം; അവയിൽ ഒന്ന്, ഏലിയാവിന്റേയും അവന്റെ പിൻഗാമി ഏലിശായുടേയും കാലത്തായിരുന്നു. അതിനർത്ഥം മന്ധുള്ള സമയത്ത് ദൈവം പ്രവൃത്തിക്കാതിരുന്നു എന്നല്ല. മന്ധ് സമയത്ത്, അവൻ സൃഷ്ടിച്ച ലോകം മുഖാന്തരം കരുണാധിക്യപ്രകാരം, തന്റെ ജനത്തിന് ആവശ്യമുള്ളതു നൽകി. അതുപോലെ, ദൈവം ഇന്നും പ്രവർത്തിക്കുന്നു, അത്ഭുതകരമായിട്ടല്ല, *കരുണാധിക്യപ്രകാരമാണ്*. ഇന്നു ദൈവം അത്ഭുതകരമായി പ്രവർത്തിക്കുന്നില്ലെങ്കിലും, തന്റെ ജനത്തിന് നൽകുവാൻ അവനു കഴിയും. താൻ അങ്ങനെ ചെയ്യുമെന്നു സമർപ്പിച്ചിരിക്കുന്നു!

> ''നീ ഭയപ്പെടേണ്ട, ഞാൻ നിന്നോടു കൂടെയുണ്ട്; ഭ്രമിച്ചു നോക്കേണ്ട, ഞാൻ നിന്റെ ദൈവം ആകുന്നു; ഞാൻ നിന്നെ ശക്തീകരിക്കും; ഞാൻ നിന്നെ സഹായിക്കും; എന്റെ നീതിയുള്ള വലങ്കൈ കൊണ്ട് ഞാൻ നിന്നെ താങ്ങും'' (യെശയ്യാവ് 41:10).

**ഉപസംഹാരം**

സാരഫാത്തിലെ വിധവയുടെ സംഭവത്തിൽ നിന്ന് നമുക്കോരോരുത്തർക്കും വ്യക്തിപരമായ പ്രായോഗികത വരുത്താം. ദൈവം നമ്മെ ഓരോരുത്തരേയും അനുഗ്രഹിക്കുവാൻ ആഗ്രഹിക്കുന്നു. എങ്ങനെയായാലും, ദൈവം നമ്മെ അങ്ങനെ അനുഗ്രഹിക്കണമെങ്കിൽ നാം അവനെ *അനുസരിക്കണം.* യേശു ചോദിച്ചു, ''നിങ്ങൾ എന്നെ, 'കർത്താവേ, കർത്താവേ,' എന്നു പറയുകയും ഞാൻ പറയുന്നത് ചെയ്യാതിരിക്കുകയും ചെയ്യുന്നതെന്ത്?'' (ലൂക്കൊസ് 6:46). ദൈവത്തിനു അനുഗ്രഹിക്കുവാൻ കഴിയുന്ന ഒരു ജീവിതമാണ് നിങ്ങളുടേത്?

---

**ദൃശ്യ-സഹായ കുറിപ്പുകൾ**

പാഠത്തെ ലളിതവും ഫലപ്രദവും ആക്കി മാന്ധുവാൻ ആ വിധവ ആഹ്ലാദത്താൽ പാട്ട് പാടിയതായി നിങ്ങൾ പറയുമ്പോൾ, ഒരു പാത്രവും സ്പൂണും

ഉപയോഗിക്കുക. ''യേശു എന്നെ സ്നേഹിക്കുന്നു'' എന്ന പാട്ട് പാടുമ്പോൾ സ്പുൺ പാത്രത്തിൽ ഇളക്കുക. നിങ്ങൾ അത് ചെയ്യുമ്പോൾ പാത്രവും സ്പു ണും മൈക്കിനടുത്തു പിടിച്ചാൽ, അത് എല്ലാവർക്കും കേൾക്കുവാൻ സഹാ യകരമായിരിക്കും.

---

കുറിപ്പുകൾ

[1]ഉല്പത്തി 38:14, 19; ആവർത്തനപുസ്തകം 24:17 നോക്കുക. [2]1 രാജാക്കന്മാർ 17:19 നോക്കുക. [3]ജെ. ആർ. മാക്ഡഫ്, *എലൈജ, ദ പ്രോഫിറ്റ്ഓഫ് ഫയർ* (ഗ്രാന്റ് റാപ്പിട്സ്: ബേക്കർ ബുക്ക് ഹൗസ്, 1956), 59. [4]കഴിഞ്ഞ പ്രാവശ്യം ഞാൻ നോക്കിയ പ്പോൾ ആ പുസ്തകത്തെ വാസ്തവത്തിൽ, യൂറോപ്പ് ഓൺ × 45 എ ഡേ! [5]''ഷുഗർ ഇൻദ മോണിങ്,'' എന്ന രീതിയാണ്. [6]''ജീസസ്സ് ലൗസ് മീ'' എന്ന രീതിയാണ് ഈ പാട്ടിനുള്ളത്.

---

## പാഠത്തിന്റെ ബാഹ്യരൂപരേഖ

മുഖവുര

- എ. തീച്ചുളയിൽകൂടെ കടന്നു പോകുന്ന ചിത്രീകരണം ബൈബി ളിൽ പലപ്പോഴായി ഉപയോഗിച്ചിട്ടുണ്ട്. തീച്ചുളയിൽകൂടെ കടന്നുപോകുന്ന അനുഭവം ഭയാനകമാണ്, എന്നാൽ കടന്നു കഴിയുമ്പോൾ ശക്തവും, വലിയ വിലയുമുള്ളതായി തീരുന്നു.
  1. ഇന്ന് തീച്ചുളയിൽകുടെ എന്തെങ്കിലും കടന്നുപോകുന്നതായി പറയുവാനുണ്ടെങ്കിൽ അത് ഭവനമാണ്. അതിജീവിക്കുന്ന ഭവനങ്ങൾ ശക്തമായിതീരും!
  2. ''സാരഫാത്ത്'' എന്ന വാക്കിനർത്ഥം ''ഉല'' അല്ലെങ്കിൽ ''തീച്ചൂള''.
     - എ. സാരെഫാത്ത് ഏലിയാവിന് ഒരു തീച്ചുളയായിരുന്നു.
     - ബി. പ്രത്യേകിച്ച് സാരേഫാത്തിലെ വിധവക്ക് അത് ഒരു തീച്ചുള യായിരുന്നു.
- ബി. സാരെഫാത്തിലെ ആ ചെറിയ വീടിനെ ദൈവം എങ്ങനെ അനുഗ്ര ഹിച്ചു എന്നും, ഇന്ന് നമ്മുടെ ഭവനങ്ങളെ ദൈവം എങ്ങനെ അനു ഗ്രഹിക്കുമെന്നും ആണ് ഈ പാഠത്തിൽ നാം നോക്കുന്നത്.

I. സ്വർഗ്ഗത്തിന്റെ കരുതൽ

- എ. നമുക്കു സംഭവത്തിന്റെ ആരംഭത്തിലേക്കു നോക്കാം.
  1. തോടു വറ്റിയപ്പോൾ, ദൈവം ഏലിയാവിനെ സാരെഫാത്തി ലേക്കയച്ചു (1 രാജാക്കന്മാർ 17:8–10).
  2. അവൻ അവിടെ എത്തിയപ്പോൾ, ദൈവം ഏലിയാവിനെ പു ലർത്തുവാൻ ഏർപ്പാട് ചെയ്ത സ്ത്രീ മരിക്കുവാൻ ഒരുങ്ങി യിരുന്നു (1 രാജാക്കന്മാർ 17:10–12)!
- ബി. ഈ പാഠത്തിൽ നമുക്കു വിധവയെ ശ്രദ്ധിക്കാം.
  1. അവളുടെ ജീവിതത്തിൽ എല്ലാം മോശമായിട്ടായിരുന്നു സംഭ

വിച്ചത്!

2. സ്വർഗ്ഗം അറിയുകയും, കരുതുകയും ചെയ്യുന്നു!
   - എ. എല്ലാ വിധവമാരേയും സ്വർഗ്ഗം കരുതും (പുറപ്പാട് 22:22; ആവർത്തനപുസ്തകം 14, 16, 24, 26; ലൂക്കോസ് 7:12; യാക്കോബ് 1:27).
   - ബി. സ്വർഗ്ഗം *ഈ* വിധവയെ പ്രത്യേകമായി കരുതി (ലൂക്കോസ് 4:25, 26).

സി. നിങ്ങളുടെ വീട്ടിൽ എന്തെല്ലാം കുഴപ്പങ്ങൾ നേരിട്ടാലും സ്വർഗ്ഗം അറിയുകയും കരുതുകയും ചെയ്യും!

II. സ്വർഗ്ഗത്തിന്റെ നിബന്ധനകൾ. സ്വർഗ്ഗത്തിന് ഈ ഭവനത്തെ സഹായിക്കുവാൻ കഴിഞ്ഞത്:

എ. അത് ഒരു നൽകുന്ന ഭവനമായിരുന്നു (1 രാജാക്കന്മാർ 17:10, 11; മത്തായി 10:41, 42 നോക്കുക).

ബി. അത് വിശ്വാസമുള്ള ഒരു ഭവനമായിരുന്നു (1 രാജാക്കന്മാർ 17:12; മത്തായി 15:22–28; സങ്കീർത്തനങ്ങൾ 37:5).

സി. അത് അനുസരണമുള്ള ഒരു ഭവനമായിരുന്നു (1 രാജാക്കന്മാർ 17:11–15).

ഡി. അത് സ്വർത്ഥ രഹിത ഭവനമായിരുന്നു (മർക്കോസ് 12; ഫിലിപ്പിയർ 2:3 നോക്കുക).

III. സ്വർഗ്ഗത്തിന്റെ സമർപ്പണം

എ. ആദ്യം തനിക്ക് ഒരു അടയുണ്ടാക്കിക്കൊണ്ടു വരുവാൻ ഏലിയാവ് വിധവയോടു പറഞ്ഞപ്പോൾ, അവൻ സ്വർഗ്ഗത്തിന്റെ സമർപ്പണവും പറഞ്ഞു (1 രാജാക്കന്മാർ 17: 14).

1. ദൈവം ആ സമർപ്പണം നിറവേന്ദി (1 രാജാക്കന്മാർ 17:15, 16).
2. അവരുടെ ആഹാരത്തിൽ വിവിധ വിഭവങ്ങൾ ഇല്ലായിരുന്നു, അത് വിധവക്കു ഒരു പ്രശ്നമായിരുന്നില്ല. ഇപ്പോൾ അവളുടെ കുടുംബത്തെ കരുതിയിരിക്കുന്നു! ‘‘നമ്മുടെ ആഗ്രഹങ്ങൾ *ലഭിക്കു ന്ന*തല്ല മറിച്ച് *ആവശ്യങ്ങൾ* നിറവേന്ദുന്നതാണ് വാസ്തവത്തിലുള്ള അനുഗ്രഹം.’’

ബി. നിങ്ങൾ ഒരു ക്രിസ്ത്യാനിയാണെങ്കിൽ, നാം സംസാരിച്ച രീതിയി ലുള്ള ആളാണെങ്കിൽ, നിങ്ങളുടെ വീടിന് ദൈവം ചില സമർപ്പണങ്ങൾ നടത്തിയിട്ടുണ്ട്.

1. ദൈവം നൽകിയ പല വാഗ്ദാനങ്ങളും അവൻ വിധവക്കു നൽകിയ വാഗ്ദാനങ്ങൾ പോലെയുള്ളതാണ്: ലൂക്കോസ് 6:35, 38; മത്തായി 25:34, 35, 40. വീട്ടിലെ ദൈ – ന – ന്തിന ആവശ്യങ്ങളെ സംബന്ധിച്ച് നമുക്കു ഈ വാഗ്ദാനമുണ്ട്: മത്തായി 6:33.
2. ഏലിയാവിന്റെ കാലത്തിലേതുപോലെ ഇന്നു ദൈവം അത്ഭുതകരമായി നൽകുന്നില്ല, എന്നാൽ അവ ഇപ്പോഴും യഥാർത്ഥമാണ്. ദൈവം തന്റെ ജനത്തിനു വേണ്ടി ഇപ്പോഴും കരുതുന്നു (യെശ യ്യാവ് 41:10)!